**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6551 09.07.2014-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടലും വിൽപ്പന കേന്ദ്രങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ<br>,, എം.ഹംസ<br>,, സാജു പോൾ<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടൽ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കൺസ്യൂമർഫെഡ് ഉൽസവകാലങ്ങളിൽ ഉൾപ്പെടെ സഹകരണ മേഖലയുടെ കൂട്ടായ്മയിൽ സബ്സിഡി നൽകി വിപണന മേളകൾ സംഘടിപ്പിക്കുകയും, പൊതുവിപണിയിൽ നിന്നും 20% വരെ വില കുറച്ച് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കൺസ്യൂമർ ഫെഡറേഷൻ നേരിട്ടും സഹകരണ സംഘങ്ങൾ മുഖാന്തിരവും നടത്തുന്ന നന്മ സ്റ്റോറുകളിലൂടെ വർഷം മുഴുവനും 10 ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് വിൽപന നടത്തി സംസ്ഥാനത്തെ പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിൽ |

| | | | |
|---|---|---|---|
| | | | നിർണ്ണായകമായ പങ്ക് കൺസ്യൂമർഫെഡറേഷൻ വഹിച്ചുവരുന്നു. |
| (ബി) | കൺസ്യൂമർഫെഡിന് സബ്സിഡി തുക നൽകുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | കൺസ്യൂമർ ഫെഡിന് സബ്സിഡി തുക നൽകി വരുന്നുണ്ട്. |
| (സി) | കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടൽ കാര്യക്ഷമമല്ലാതായാൽ പൊതുവിപണിയിൽ വിലക്കയറ്റം രൂക്ഷമാകുമെന്ന് കരുതുന്നുണ്ടോ; | (സി) | കൺസ്യൂമർ ഫെഡിന്റെ വിപണി ഇടപെടൽ പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് സഹായകരമാണ്. |
| (ഡി) | കൺസ്യൂമർഫെഡിന്റെ നിലവിലുള്ള ഏതെങ്കിലും വില്പന കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ഡി) | കൺസ്യൂമർ ഫെഡിന്റെ നിലവിലുള്ള ഒരു വിൽപ്പന കേന്ദ്രവും നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നില്ല. എന്നാൽ വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന വില്പന കേന്ദ്രങ്ങൾ തുടരാൻ അനുവദിക്കുന്നത് അഭിലഷണീയമല്ലെന്നു വിലയിരുത്തിയിട്ടുണ്ട്. |
| (ഇ) | കൺസ്യൂമർഫെഡിന്റെ ഏതെല്ലാം സ്ഥാപനങ്ങളാണ് ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഇ) | ത്രിവേണി വിഭാഗം, നീതി സ്റ്റോറുകൾ, നന്മ സ്റ്റോറുകളിൽ 362 എണ്ണമൊഴികെ ബാക്കിയുള്ളവ, നീതി മെഡിക്കൽ സ്റ്റോറുകൾ, നീതി ഗ്യാസ്, ത്രിവേണി നോട്ട് ബുക്ക് വിഭാഗം "ഹറി കറി" നിർമ്മാണ വിഭാഗം എന്നിവ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. |
| (എഫ്) | കൺസ്യൂമർഫെഡിന്റെ സ്ഥാപനങ്ങളിൽ നഷ്ടം വരുന്നതിനുള്ള കാരണങ്ങളും അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും | (എഫ്) | കൺസ്യൂമർ ഫെഡിന് സാങ്കേതികമായുണ്ടായ സാമ്പത്തിക പരിമിതികൾ മൂലം ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം |

കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സാധനങ്ങൾ ചില കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനു കഴിയാതിരുന്ന സാഹചര്യം സംജാതമായതിനാലാണ് ഫെഡറേഷന്റെ ചില സ്ഥാപനങ്ങളിൽ നഷ്ടം ഉണ്ടാകുവാനിടയായത്. സാധനങ്ങളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന അധിക വരുമാനവും സംഘത്തിന്റെ ഫണ്ടുകളും വിനിയോഗിച്ച് സ്റ്റോറുകളിൽ ആവശ്യമായ അളവിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ